**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 315** **27-01-2026 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മില്ലുടമകൾ നെല്ലെടുക്കാൻ വൈകുന്നത് മൂലം കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ നടപ്പാക്കുന്ന ബദൽ സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കാമോ; | (എ) | മില്ലുകളുടെ ഭാഗത്ത് നിന്നും നെല്ല് എടുക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിനാൽ നെല്ല് പാടശേഖരങ്ങളിൽ കിടക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ നെല്ല് സംഭരിക്കുന്നതിന് കരാർ ഒപ്പിട്ടിട്ടുണ്ട്. |
| (ബി) | സെൻട്രൽ വേർ ഹൗസിംഗ് കോർപ്പറേഷനുമായി സഹകരിച്ച് നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിനായി സർക്കാർ രൂപീകരിച്ച പുതിയ കരാറിലെ (സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂർ) പ്രധാന നിബന്ധനകൾ എന്തെല്ലാമാണ്; | (ബി) | സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനുമായുള്ള കരാറിന്റെ S.O.P. അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | മില്ലുടമകളുടെ സമ്മർദ്ദത്തിന് വഴങ്ങാതെ കർഷകർക്ക് നെല്ലിന്റെ ഗുണനിലവാരത്തിനനുസരിച്ചുള്ള ന്യായമായ വില ലഭിക്കുന്നതിന് ഭക്ഷ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന താങ്ങുവിലയും (MSP), കൂടാതെ സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സാഹന ബോണസും (SIB) ഉൾപ്പെടെയുള്ള തുകയാണ് സംസ്ഥാനത്തെ നെല്ലിന്റെ സംഭരണവില. സംസ്ഥാനത്തെ കർഷകരിൽ നിന്ന് സപ്ലൈകോ മുഖേന 2025-26 സീസണിൽ സംഭരിക്കുന്ന നെല്ലിന്റെ സംഭരണ വില 2024-25 സീസണിലെ നിരക്കായ കിലോഗ്രാമിന് 28.20/- രൂപയിൽ നിന്നും കിലോഗ്രാമിന് 30/- രൂപയായി ആയി വർദ്ധിപ്പിച്ചു കൊണ്ട് 06/11/2025 തീയതിയിൽ സ.ഉ.(കൈ) നം 22/2025/F&CS നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയത് 08/01/2026 ലെ സ.ഉ.(കൈ) നം. 01/2026/ ഭ.പൊ.വിവ. പ്രകാരം ഭേദഗതി വരുത്തി 2025-26 സീസണിലെ നെല്ല് സംഭരണം ആരംഭിച്ച 20/10/2025 തീയതി മുതൽ സംഭരണവിലയ്ക്ക് മുൻകാല പ്രാബല്യം നല്കി ഉത്തരായിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ കൈകാര്യ ചിലവിനത്തിൽ കിലോഗ്രാമിന് 12 പൈസ നിരക്കിലും കർഷകർക്ക് നൽകിവരുന്നു . |
| (ഡി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട സാമ്പത്തിക പ്രതിസന്ധികളും കർഷകർക്ക് നൽകാനുള്ള കുടിശ്ശികയും തീർക്കുന്നതിന് വേണ്ടി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ കൈക്കൊണ്ട പ്രധാന തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ഡി) | സംസ്ഥാനത്തെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 16/09/2025 തീയതിയിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ കൈക്കൊണ്ട പ്രധാന തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. നെല്ല് സംഭരണ രംഗത്ത് നിലനിൽക്കുന്ന പ്രതിസന്ധികൾക്ക് ശാശ്വത പരിഹാരം എന്ന നിലയ്ക്ക് കർഷകരിൽ നിന്ന് നെല്ല് അളന്ന് എടുത്ത് സംഭരണ വില നൽകുന്ന ചുമതല പൂർണ്ണമായും സഹകരണ മേഖലയെ ഏൽപ്പിക്കും. സപ്ലൈകോ നോഡൽ ഏജൻസിയായി തുടർന്നുകൊണ്ട് മില്ലിംഗ്, NFSA പ്രകാരമുള്ള വിതരണം എന്നീ ചുമതലകളും കേന്ദ്ര സർക്കാരുമായുള്ള ഏകോപനവും നിർവഹിക്കും.<br><br>2. കേരള ബാങ്കിൽ നിന്ന് 2021-22, 2022-23 കാലയളവിൽ നൽകിയ PRS വായ്പയിൽ മുതലും, പലിശയും, പിഴപ്പലിശയും ഉൾപ്പെടെ വരുന്ന 751.73 കോടി രൂപയിൽ പിഴപ്പലിശ ഒഴിവാക്കി, ബാക്കി വരുന്ന തുക കേരള ബാങ്കിന് അനുവദിക്കും. ഈ തുക പ്രാഥമിക സഹകരണ സംഘങ്ങളുടെ (PACS) കൺസോർഷ്യം രൂപീകരിച്ച് പ്രത്യേക ശീർഷകത്തിൽ സമാഹരിക്കും. പലിശ സർക്കാർ വഹിക്കും.<br><br>3. നിലവിലുള്ള SBI, കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവരുടെ കൺസോർഷ്യത്തിൽ ഫെഡറൽ ബാങ്കിനെ ഒഴിവാക്കി, അതിന്റെ സ്ഥാനത്ത് കേരള ബാങ്കിനെ ഉൾപ്പെടുത്തും.<br><br>4. മുൻ കൺസോർഷ്യം PRS വായ്പ കേരള ബാങ്ക് പൂർണ്ണമായും ഏറ്റെടുക്കുന്നത് സംബന്ധിച്ച്, വായ്പ്പാ കണക്കിൽ ഇപ്പോഴുള്ള കൺസോർഷ്യം വായ്പാ ബാക്കി നിൽപ്പ് 2275 കോടി രൂപ മൊത്തത്തിൽ ഏറ്റെടുക്കുന്നതിന് നബാർഡിന്റെ അനുമതി തേടും. അനുമതി ലഭിക്കാത്ത പക്ഷം, 50% ക്യാപിറ്റൽ ഫണ്ട് കണക്കനുസരിച്ച് കേരള ബാങ്കിന് ഒരു സ്ഥാപനത്തിന് 1000 കോടി രൂപ വരെ വായ്പ നൽകാനാകും. ആകയാൽ സപ്ലൈകോയ്ക്ക് നൽകുന്ന 580 കോടി രൂപയുടെ വായ്പ കിഴിച്ചാൽ 1020 കോടി രൂപ വരെ കേരള ബാങ്കിന് സപ്ലൈകോയ്ക്ക് വായ്പയായി വീണ്ടും നൽകാനാകും. കൺസോർഷ്യം വായ്പാ ബാക്കി നിൽപ്പ് 2275 കോടി രൂപ മൊത്തത്തിൽ തീർപ്പാക്കുന്നതിന് ബാക്കി |

| | | | |
|---|---|---|---|
| | | | ആവശ്യമായി വരുന്ന 1255 കോടി രൂപ PACS കളുടെ കൺസോർഷ്യത്തിൽ നിന്ന് സമാഹരിക്കും.<br><br>5. കേരള ബാങ്കിലെ PRS വായ്പ കുടിശ്ശിക തീർപ്പാക്കുന്ന മുറയ്ക്ക്, നിലവിൽ SBI 480 കോടി രൂപയും, കാനറാ ബാങ്ക് 620 കോടി രൂപയും (മൊത്തം 1100 കോടി രൂപ) കർഷകർക്ക് നേരിട്ട് നൽകിയിരിക്കുന്ന PRS വായ്പ കാലാവധി തീരുന്ന മുറയ്ക്ക്, ടി ബാങ്കുകളുമായുള്ള ഇടപാടുകൾ പൂർണ്ണമായും അവസാനിപ്പിച്ച് തൊട്ടടുത്ത വിള മുതൽ/ അല്ലെങ്കിൽ പുതുതായി നെല്ല് എടുക്കുന്നതു മുതൽ, മുഴുവൻ PRS വായ്പകളും കർഷകർക്ക് കേരള ബാങ്കിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കേരള ബാങ്കിൽ നിന്ന് 2021-22, 2022-23 കാലയളവിൽ നൽകിയ PRS വായ്പകളിൽ മുതലും, പലിശയും, പിഴപ്പലിശയും ഉൾപ്പെടെയും 751.73 കോടി രൂപ സ്വരൂപിക്കുന്നതിനായി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ (PACS) ഒരു യോഗം ബഹു. മുഖ്യ മന്ത്രിയുടെ അധ്യക്ഷതയിൽ അടിയന്തരമായി വിളിച്ചു ചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) | നെല്ല് സംഭരണം കുറ്റമറ്റ നിലയിലും വേഗത്തിലും നടപ്പാക്കുന്നതിനായി സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഇ) | സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുന്ന നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 05/01/2026 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും 16/01/2026 ബഹു .ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലും ഉന്നതതല യോഗം ചേർന്നിട്ടുണ്ട്. 05/01/2026 ന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം നെല്ല് സംഭരണത്തിനുള്ള സംസ്ഥാന ഏജൻസി ആയി സപ്ലൈകോയെ നിലനിർത്തിക്കൊണ്ടും സഹകരണ സംഘങ്ങളും നോഡൽ സഹകരണ സംഘങ്ങളും മുഖേന നെല്ല് സംഭരിച്ചുകൊണ്ടും കർഷകർക്ക് യഥാസമയം നെല്ലിന്റെ വില ലഭിക്കാനുതകുന്ന ഒരു സ്കീം നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുകയും സഹകരണ സംഘങ്ങളുടെയും നോഡൽ സഹകരണ സംഘങ്ങളുടെയും നേതൃത്വത്തിൽ കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്ന സ്കീം അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ, ഈ വരുന്ന വിളവെടുപ്പ് സീസണിൽ പാലക്കാട് ജില്ലയിൽ നടപ്പാക്കുന്നതിനും സ്കീം സംബന്ധിച്ച പ്രവർത്തന ചട്ടക്കൂടും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി ധനകാര്യം, കൃഷി, ഭക്ഷ്യ-സിവിൽ സപ്ലൈസ്, തദ്ദേശ-സ്വയംഭരണം, സഹകരണം വകുപ്പ് സെക്രട്ടറിമാരുടെ കമ്മിറ്റി രൂപീകരിച്ചുകൊണ്ടും സഹകരണ വകുപ്പ് 14/01/2026 |

| | | | |
|---|---|---|---|
| | | | ലെ സ.ഉ(കൈ)നം. 2/2026/Co-opനമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

**Standard Operating Procedure (SOP)**

Paddy Procurement and Storage in CWC Godowns

## 1. PURPOSE

This SOP establishes the standard workflow for procurement, storage and transportation of paddy in Central Warehousing Corporation (CWC) godowns, ensuring quality compliance and proper documentation throughout the process.

## 2. SCOPE

This procedure applies to all paddy procurement operations involving the officials of Agriculture department, Paddy Procurement Assistants(PPA), PMO (Paddy Marketing Officer), PQAO (Paddy Quality Assurance Officer),PQAT(Paddy Quality Assurance Trainees), CWC, Padasekhara Samiti, and farmers.

## 3. WORKFLOW PROCEDURE

STEP 1: HARVEST COMPLETION NOTIFICATION

- Application approval and yield entry by AO
-Cross verification and approval of applications by PPA/PMO
PMO informs all relevant stakeholders that the paddy field has completed harvest
- Notification triggers the quality inspection process

STEP 2: QUALITY INSPECTION AT FIELD

Responsible: Joint Inspection Team (PMO/ PQAO, PPA, PQAT,AO)

Team comprising PMO/ PQAO, PQAT, PPA, officials of agriculture department, padashekarasamithy representative visits the harvest location.
Conduct comprehensive quality check of harvested paddy as per FAQ parameters

| SLNO | COMPONENTS | MAXIMUM PERMISSIBLE LIMIT IN % | |
|---|---|---|---|
| | | COMMON | GRADE A |
| 1 | FOREIGN MATTER | 1 | 1 |
| | ORGANIC | 1 | 1 |
| | INORGANIC | 1 | 1 |
| 2 | DAMAGEDGRAINS/SPROUTED/INSECT INFESTED GRAINS | 4 | 4 |
| 3 | DISCOLOURED GRAINS | 1 | 1 |
| 4 | IMMATURE/SHRIVELLED GRAINS | 3 | 3 |
| 5 | ADMIXTURE OF VARIETIES | ---- | 6 |
| 6 | MOISTURE | 17 | 17 |

**If Moisture Content >17%** STOP. Paddy is NOT accepted for procurement
**If Moisture Content ≤ 17%:** PROCEED
Entry of quality parameters as per GOI of that particular padam in the portal

STEP 3: ALLOCATION TO CWC**

Upon satisfying the FAQ parameters, allocate the paddy lot to CWC for storage
- Document the allocation decision-portal entry

STEP 4: COLLECTION POINT INTIMATION

Responsible: AO & PMO/Procurement Authority

- Inform CWC (Portal) about the designated collection point related to the paddy field
- Provide location details, estimated quantity, name and mobile number of the contact person of the padashekarasamithy

STEP 5: VEHICLE ARRANGEMENT

Responsible: CWC (Central Warehousing Corporation)

Procedure:

- CWC arranges suitable transportation vehicle for paddy collection
- Ensure vehicle capacity matches the quantity to be transported
- Coordinate vehicle arrival time with collection point

STEP 6: TRANSPORTATION TO COLLECTION POINT**

Responsible: Padasekhara Samiti

Location: Paddy Field to Collection Point

Procedure:

- Padasekhara Samiti facilitates transportation of paddy from field to collection point
- Arrange boats or other suitable means of transport as per field accessibility
- Ensure safe handling during transit

STEP 7: WEIGHING, LABELLING OF SACKS AND LIFTING TO VEHICLE**

Responsible: Padasekhara Samiti/Farmer Representatives

Location: Collection Point

Procedure:

- Farmer themselves should provide sack for filling up of paddy. Each sack shall be of 50 kg, clearly labelled with:
  - Name of Farmer
  - Name of Padasekhara Samiti
  - Sack number (serially numbered)

Ensure labels are securely attached and legible

STEP 8: PRE-LOADING VERIFICATION

Responsible:Officials of agriculture department , PQAT,PPA and Padasekhara Samiti (Joint Verification)(weighing balance should be arranged by padashekarasamithy)-supervised by PMO

Location: Collection Point

Procedure:

-Weight Verification
- Weigh each lot/batch of paddy sacks
- Record the weight in verification register
-Quality Verification:**
- Reconfirm quality parameters
- Cross-check against initial inspection report
-Documentation:**
- PPA signs the verification certificate
- Padasekhara Samiti representative signs the verification certificate
- Both parties certify the weight and quality before loading

STEP 9: LOADING INTO CWC VEHICLE

Responsible: Farmer/padasehakarasamithy representative in the presence of Officials of agriculture department , PPA (supervised by PMO and CWC representatives)
Location: Collection Point

Procedure:

- Load verified paddy sacks into CWC arranged vehicle
-. Ensure proper stacking to prevent damage during transit
-. Count total number of sacks being loaded

STEP 10: CWC RECEIPT ISSUANCE

Responsible: CWC Representative

Location: Collection Point (After Loading)

Procedure:

- CWC issues an official receipt acknowledging:
  Name of District
  Name of krishibhavan
  Name of padam
  No of farmers
  - Number of sacks received
  - Date and time of loading
  - Vehicle identification details

- Provide copy to supplyco officials and Padasekhara Samiti

STEP 11: PADDY RECEIPT SHEET (PRS) ISSUANCE

Responsible: PMO/PPA (Paddy Marketing Officer)

Location: Collection Point (Immediately After Loading)

Procedure:

1. PMO issues Paddy Receipt Sheet (PRS) to the farmer
 **PRS Must Contain:**
- Name and details of farmer
- Quantity of paddy (number of sacks/weight)
- **Fair Average Quality (FAQ) Parameters:**
  - Moisture content (%)
  - Foreign matter (%)
  - Damaged/discolored grains (%)
  - Immature grains (%)
  - Other relevant quality parameters
- Date of procurement
-Bank account number
- Reference number for tracking
- Provide original PRS to farmer and retain copy for records

## STEP12: TRANSPORTATION FROM COLLECTION POINT TO CWC GODOWNS

Procurement of paddy from the allocated padams should be done within 10 days of padam allocation

## STEP13: STORAGE IN CWC GODOWNS

-During the storage of paddy, moisture should be checked fortnightly. A seperate register should be maintained for this purpose and it must be produced for inspection whenever required by the authorities.
-Driage calculation should be verified by PMO before transporting to mill.

## STEP14: TRANSPORTATION TO MILLS BY CWC

-The procured paddy must be transported to the allocated mills as per portal within 72 hrs